# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 334 — 25/06/2018 ൽ മറുപടിയ്ക്ക്

## സാമൂഹ്യവനവത്ക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.കെ.വിജയൻ<br>,, മുഹമ്മദ് മുഹസിൻ പി. | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സാമൂഹ്യവനവൽക്കരണ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ | സാമൂഹ്യ വനവൽക്കരണ പദ്ധതി 1980 കാലഘട്ടത്തിലാണ് വനം വകുപ്പ് നടപ്പിലാക്കി തുടങ്ങിയത്. സാമൂഹിക വനവൽക്കരണത്തിന്റെ പ്രധാന ലക്ഷ്യം വനേതര പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടു കൂടി വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി എല്ലാ വർഷവും ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളേയും പൊതു ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വൃക്ഷത്തൈ വിതരണം നടത്താറുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ വിവിധ നഴ്സറികളിൽ തയ്യാറാക്കുന്ന വിവിധയിനം തൈകൾ അതാത് കാലങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയിൻകീഴിൽ വിതരണം ചെയ്യുകയും, വച്ചുപിടിപ്പിക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ വിവിധ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, പത്ര മാദ്ധ്യമങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ വൃക്ഷത്തൈകൾ വാങ്ങി അവരുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വച്ചു പിടിപ്പിച്ച് സംരക്ഷിക്കാറുണ്ട്.<br>2016, 2017 വർഷങ്ങളിൽ അതിജീവന ശതമാനം തിട്ടപ്പെടുത്തിയതിൽ സംസ്ഥാനത്ത് 14 ജില്ലകളിലെ 20 കോളേജുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടുകൂടി അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് & ഇവാലുവേഷൻ നടത്തി അതിജീവന ശതമാനം വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതലത്തിൽ തയ്യാ |

| | | | |
|---|---|---|---|
| | | | റാക്കിയ റിപ്പോർട്ട് ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിൽ പ്രകാശനം ചെയ്തിട്ടുള്ളതും, പൊതു മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം അതിജീവന ശതമാന പഠനത്തിൽ കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ബി | വർഷംതോറും സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ വ്യക്തമാക്കുമോ; | ബി | മുൻ കാലഘട്ടത്തിൽ വനം വകുപ്പിന്റെ വിവിധ തലങ്ങളിൽ വൃക്ഷതൈകൾ നിലനിൽക്കുന്നുണ്ടോയെന്ന് സർവ്വേ നടത്താറുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലെ 20 കോളേജുകളുടെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോട് കൂടി അതിജീവന ശതമാനം വിലയിരുത്തിയിട്ടുണ്ട്. ഇത്തരം അതിജീവന ശതമാന പഠനത്തിൽ കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി | ഇപ്രകാരം ഏതെല്ലാം വൃക്ഷതൈകളാണ് സാമൂഹ്യവനവത്കരണ വിഭാഗം വിതരണം ചെയ്യുന്നതെന്നും അതിന് നിരക്കുണ്ടെങ്കിൽ അത് എത്രയെന്നും വ്യക്തമാക്കാമോ? | സി | സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന തൈകളിൽ ഫലവൃക്ഷതൈകൾക്ക് മുൻഗണന നൽകുന്നുണ്ട്. പ്ലാവ്, മാവ്, ബദാം, കുടംപുളി, നെല്ലി. ഞാവൽ, പേര, സപ്പോട്ട, മാതളം എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ പൂമര വൃക്ഷങ്ങളായ ചെമ്പകം, കണിക്കൊന്ന, മന്ദാരം, രാജമല്ലി തുടങ്ങിയവയും തടി ഉപയോഗത്തിന് പ്രയോജനപ്പെടുന്ന ഈട്ടി, കമ്പകം, തേക്ക്, കുമ്പിൾ, ആഞ്ഞിലി, മഹാഗണി തുടങ്ങിയവയും, ഔഷധസസ്യങ്ങളായ അശോകം, കൂവളം, ലക്ഷ്മിതരു, രക്ത ചന്ദനം തുടങ്ങിയവും തീര സംരക്ഷണം ലക്ഷ്യമാക്കി മുള, കാറ്റാടി തുടങ്ങിയവ ഉൾപ്പെടെ 75 ഓളം ഇനം സസ്യങ്ങളുടെ തൈകൾ സാമൂഹിക വനവൽക്കരണ വിഭാഗം തയ്യാർ ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന തൈകൾ കാലാകാലങ്ങളായുള്ള സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായാണ് നൽകുന്നത്. എന്നാൽ മറ്റ് ആവശ്യങ്ങൾക്കായി വിതരണം ചെയ്യപ്പെടുന്ന തൈകളുടെ നിലവിലെ നിരക്ക് 22.04.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.159/2017/വനം പ്രകാരം, വലിയ |

| | | | |
|---|---|---|---|
| | | | കൂടത്തെ 45/- രൂപ, ചെറിയ കൂടത്തെ 17/- രൂപ, തേക്ക് സ്റ്റമ്പ് 7/- രൂപ എന്ന നിരക്കിലുമാണ് നൽകുന്നത്. |
| ഡി | സ്കൂളുകളിലും കോളേജുകളിലും മറ്റും നൽകുന്ന വൃക്ഷത്തൈകൾ പരിപാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനായി സ്വീകരി ക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ; | ഡി | സ്ക്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന തൈകൾ പരിപാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഓരോ വർഷത്തിലും മാർഗ്ഗ നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിക്കാറുണ്ട്.<br>പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 1 കോടി വൃക്ഷത്തൈ നടുന്ന പരിപാടിയിൽ, തൈകളിൽ പരമാവധി അതിജീവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനംവകുപ്പ്, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്.<br>സ്ക്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതി നിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്ക്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്ക്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം നിലവിലുണ്ട്. |
| ഇ | സ്വന്തം ഭൂമിയിൽ കർഷകർക്ക് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ വ്യക്തമാക്കുമോ; | ഇ | സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17.02.2012-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 99/12/വനം, 29.09.2012-ലെ ജി.ഒ. (ആർ.റ്റി) 486/12/ വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, |

| | | | |
|---|---|---|---|
| | | | കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തെകൾ നട്ടുപരിപാലി ക്കുന്നവർക്ക് തൈക ളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| എഫ് | കാവുകളുടെ സംരക്ഷണത്തിന് സാമൂഹ്യ വനവൽക്കരണ വിഭാഗം സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ ? | എഫ് | കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നം.485/2016/വനം തീയതി: 24.12.2016 പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിദ്ധ്യമൂല്യമുള്ള കാവുകളെ തെരഞ്ഞടുത്ത്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടു വിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ തീരുമാനപ്രകാരം വനംവകുപ്പ് ആദ്യ ഗഡുവായി 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) അഥവാ അംഗീകൃത പ ദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നതാണ്. പിന്നീട്, വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകി വരുന്നു. കൂടാതെ, 25,000/- രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു. |

സെക്ഷൻ ഓഫീസർ